പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2604 **28-10-2026-ൽ മറുപടിയ്ക്ക്**

<u>യുവജനങ്ങളുടെ നൈപുണ്യവികസനവും തൊഴിൽ ഉറപ്പാക്കലും</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. ദീപക് ജോയ്

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ യുവജനങ്ങളുടെ തൊഴിൽക്ഷമത വർധിപ്പിക്കുന്നതിനും മാറിവരുന്ന തൊഴിൽവിപണിയുടെ ആവശ്യങ്ങൾക്കനുസൃതമായി നൈപുണ്യപരിശീലനം നൽകുന്നതിനും പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും സർക്കാർ സമഗ്ര പദ്ധതി നടപ്പിലാക്കുമോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> സംസ്ഥാനത്തെ യുവജനങ്ങളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനും മാറി വരുന്ന തൊഴിൽ വിപണിയുടെ ആവശ്യങ്ങൾക്കനുസൃതമായി നിലവിൽ സർക്കാർ ഐ.ടി.ഐകളിൽ വിവിധ ട്രേഡുകളിൽ പരിശീലനം നൽകി വരുന്നുണ്ട്.

എറണാകുളം ജില്ലയിലെ അങ്കമാലിയിൽ പ്രവർത്തിക്കുന്ന ESPOIR, കൊല്ലം ജില്ലയിലെ ചവറയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC) എന്നീ മികവിന്റെ കേന്ദ്രങ്ങൾ മുഖേന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് തൊഴിൽ വിപണിയ്ക്ക് അനുസൃതമായിട്ടുള്ള നൈപുണ്യ പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിൽ പരിശീലനം പൂർത്തിയാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വദേശത്തും, വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ